23/07/2024 ന് രാവിലെ 10.30 മണിക്ക് കണ്ണൂർ ഐ വി ഒ ചേംബറിൽ വെച്ച് ചേർന്ന സിറ്റിസൺ അസിസ്റ്റന്റ് ഉപജില്ലാ അദാലത്ത് സമിതി 4 ന്റെ യോഗത്തിൽ പങ്കെടുത്തവരും തീരുമാനങ്ങളും

1. വി. വി. രത്നാകരൻ -കൺവീനർ & ഐ. വി. ഒ -(ഒപ്പ് )

2. നിഷ വി വി -അസിസ്റ്റൻറ് എക്സി. എൻജിനിയർ LSGD -( ഒപ്പ്)

3. രാജീവ് പി എം-അസിസ്റ്റൻറ് ടൌണ് പ്ലാനർ LSGD Planning--(ഒപ്പ് )

4..ഷിഗിൽ.എം (FGO) എരഞ്ഞോളി ഗ്രാമപഞ്ചായത്ത് -( ഒപ്പ്)

5.ഷീന.പി,സീനിയർ ക്ലാർക്ക് എരഞ്ഞോളി ഗ്രാമപഞ്ചായത്ത് -( ഒപ്പ്)

6 .വി.സജീവൻ ( ഒപ്പ്)

7 .അനിൽ.എസ്,സെക്രട്ടറി മാങ്ങാട്ടിടം ഗ്രാമപഞ്ചായത്ത് ( ഒപ്പ്)

8 ശ്രീകല ഇ .സി സീനിയർ ക്ലാർക്ക് മാങ്ങാട്ടിടം ഗ്രാമപഞ്ചായത്ത് -( ഒപ്പ്)

9..അയ്യൂബ്.വി.കെ. ( ഒപ്പ്)

<u>70/07-2024 തീയ്യതി 23/07/2024(എരഞ്ഞോളി ഗ്രാമപഞ്ചായത്ത്)</u>

ഉപജില്ലാ അദാലത്ത് പോർട്ടലിൽ ശ്രീ.വി സജീവൻ,വടക്കെയിൽ വടക്കമ്പാട് (16 ാം വാർഡ്) എന്നവർ ലൈഫ് ഭവന പദ്ധതി പ്രകാരം 480 സ്ക്വയർ ഫീറ്റ് വീട് പണി കഴിഞ്ഞ് അതിന്റെ നമ്പർ കിട്ടിയതിനുശേഷം ഒരു ബെഡ് റൂം,അടുക്കള ,വർക്ക് ഏരിയ,ബാത്ത് റൂം എന്നിവ പഞ്ചായത്തിന്റെ മുൻകൂട്ടി അനുമതിയില്ലാതെ കൂട്ടിചേർത്തിരുന്നു. ഇപ്പോൾ വീടിന് മുൻഭാഗത്ത് ജീവനോപാദിക്കുവേണ്ടി ഒരു കടയെടുക്കാൻ പെർമിറ്റിന് വേണ്ടി പഞ്ചായത്തിൽ അപേക്ഷ കൊടുത്തപ്പോൾ വീടിന് പിൻഭാഗത്ത് എടുത്ത പൊസിഷൻകൂടി ഇതിന്റെ കൂടെ കൊടുത്തിരുന്നു. വീട് ഞാൻ എടുക്കുന്നതിന് മുമ്പ് സാധനം സൂക്ഷിക്കാൻ മതിലിനോട് ചേർന്ന് ഒരു ഷെഡ് എടുത്തിരുന്നു. ആയതുകൊണ്ടാണ് പെർമിറ്റ് അനുവദിക്കാത്തതെന്ന് പഞ്ചായത്ത് അധികൃതർ അറിയിച്ചിരുന്നത്. ആയതിനാൽ കട എടുക്കേണ്ട ആവശ്യത്തിലേക്ക് എനിക്ക് പെർമിഷൻ തരുവാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് പരാതിയിൽ, പരാതിക്കാരനേയും, ഗ്രാമപഞ്ചായത്ത് ഓവർസിയർ, ക്ലാർക്ക് എന്നിവരെ നേരിൽ കേട്ടതിൽനിന്നും, ഫയൽ പരിശോധിച്ചതിൽനിന്നും, ടി സ്ഥലം കൂടി നേരിട്ട് പരിശോധിച്ചതിനുശേഷം മാത്രമേ തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ എന്ന് കമ്മറ്റി വിലയിരുത്തി. ആയതിനാൽ സ്ഥലം കൂടി നേരിട്ട് പരിശോധിച്ച് തീരുമാനമെടുക്കുന്നതിന് വേണ്ടി മേൽ പരാതി അടുത്ത കമ്മറ്റിയിലേക്ക് മാറ്റി വെച്ചു തീരുമാനിച്ചു.

71/07-2024 തീയ്യതി 23/07/2024 ( മാങ്ങാട്ടിടം ഗ്രാമപഞ്ചായത്ത്)

ഉപജില്ലാ അദാലത്ത് പോർട്ടലിൽ ശ്രീ.അയ്യൂബ്.വി.കെ,തബീറ മൻസിൽ,കൈതേരി കപ്പണ,നിർമ്മലഗിരി (പി.ഒ) എന്നവർ ലഭ്യമാക്കിയ,എന്റെ ഉടമസ്ഥതയിൽ മാങ്ങാട്ടിടം ഗ്രാമപഞ്ചായത്ത് വാർഡ് iX/444, 445 കെട്ടിടങ്ങൾ നിലവിൽ കമേർഷ്യൽ ബിൽഡിംഗാണ് എന്നാൽ പഞ്ചായത്ത് രജിസ്റ്ററിൽ റസിഡൻഷ്യൽ ബിൽഡിംഗായിട്ടാണുള്ളത്. 2000 മുതൽ പ്രസ്തുത കെട്ടിടങ്ങൾ, ഷോപ്പ് ലൈസൻസ് വാങ്ങി പ്രവർത്തിച്ചുവരുന്നതാണ്. ആയതിനാൽ പ്രസ്തുത കെട്ടിടങ്ങൾ കമേർഷ്യൽ കെട്ടിടത്തിലേക്ക് മാറ്റി തരുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന അപേക്ഷ അദാലത്ത് സമിതി പരിശോധിച്ചു . മേൽ അപേക്ഷയുമായി ബന്ധപ്പെട്ട് അപേക്ഷകനെയും ഗ്രാമപഞ്ചായത്ത് സെക്രട്ടറി , ക്ലാർക്ക് എന്നിവരെയും നേരിൽ കേട്ടതിൽ നിന്നും ഫയൽ പരിശോധിച്ചതിൽ നിന്നും ചുവടെ പറയുന്ന കാര്യങ്ങൾ കമ്മറ്റിക്ക് ബോധ്യപ്പെട്ടു

1. അപേക്ഷകനെ നേരിൽ കേട്ടതിൽ നിന്നും ടി മുറികൾ 1995 ൽ നിർമ്മിച്ചതാണെന്നും അന്നുമുതലേ പീടിക മുറികളായാണ് പ്രവർത്തിച്ചുവരുന്നതെന്നും 2008 ൽ അപേക്ഷകന്റെ പേരിൽ ജമ മാറ്റിയതിനുശേഷവും പീടിക മുറികളായാണ് പ്രവർത്തിച്ചുവരുന്നതെന്നും ആയതിന് പഞ്ചായത്ത്, ലൈസൻസ് അനുവദിച്ചു വരുന്നതായും അറിയിച്ചിട്ടുണ്ട്. എന്നാൽ 2024-25 വർഷത്തിൽ പഞ്ചായത്തിൽ ലൈസൻസ് പുതുക്കുന്നതിന് അപേക്ഷിച്ചപ്പോൾ പഞ്ചായത്ത് അസസ്സ്മെന്റ് രജിസ്റ്ററിൽ റസിഡൻഷ്യൽ കെട്ടിടം എന്നാണ് കാണിച്ചിരിക്കുന്നത് എന്നും ആയതിനാൽ ഓകുപ്പെൻസി മാറ്റുന്നതിന് ആവശ്യമായ അപേക്ഷ സമർപ്പിക്കുന്നതിന് വേണ്ടിയാണ് പഞ്ചായത്ത് ആവശ്യപ്പെട്ടിരിക്കുന്നത് എന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ IX-445 നമ്പർ മുറിക്ക് 2024 - 25 ലും ലൈസൻസ് പുതുക്കി തന്നിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്

2. മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിന്റെ അസസ്സ്മെന്റ് റജിസ്റ്ററിൽ ടി മുറികൾ പാർപ്പിട ആവശ്യത്തിനുള്ളതാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ടി മുറികൾക്ക് മുൻവർഷങ്ങളിൽ ലൈസൻസ് അനുവദിച്ചു വരുന്നതായും നിലവിൽ 2024-25 വർഷത്തിൽ 9/445 നമ്പർ മുറിക്ക് ലൈസൻസ് പുതുക്കിക്കൊടുത്തതായും എന്നാൽ 9/444 നമ്പർ മുറിക്ക് ലൈസൻസ് പുതുക്കി കൊടുത്തിട്ടില്ല എന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്

ടി വിഷയവുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ നിന്നും മേൽ 9/445 നമ്പർ മുറിക്ക് 2024 - 25 വർഷം ലൈസൻസ് പുതുക്കി നൽകിയതായി കാണുന്നു. എന്നാൽ 9/ 444 നമ്പർ മുറിക്ക് 2023 - 24 ൽ

ലൈസൻസ് അനുവദിച്ചിട്ടുണ്ടെങ്കിലും ആയത് 2024 – 25 വർഷത്തിൽ പുതുക്കി കൊടുത്തിട്ടില്ല.

മേൽ വസ്തുതകളിൽ നിന്നും, 1995 ൽ നിർമ്മിച്ച കെട്ടിടമാണെന്ന് അപേക്ഷകൻ അറിയിച്ച സാഹചര്യത്തിലും , 9/ 445 നമ്പർ മുറിക്ക് 2024 – 25 വർഷം വരേയും, 9/444 നമ്പർ മുറിക്ക് മുൻ വർഷം വരേയും ലൈസൻസ് അനുവദിച്ച സാഹചര്യത്തിലും ടി മുറികളുടെ ഉപയോഗക്രമം അസസ്മെന്റ് റജിസ്റ്ററിൽ തെറ്റായാണോ രേഖപ്പെടുത്തിയിട്ടുള്ളതെന്നു പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനു വേണ്ടി സെക്രട്ടറിയോട് നിർദ്ദേശിച്ചു തീരുമാനിച്ചു. കൂടാതെ ലൈസൻസ് അനുവദിക്കുന്നതുമായ വിഷയത്തിൽ 09/07/2021 ലെ നം .ആർ സി 3/228/2020/ത.സ്വ.ഭ.വ സർക്കുലര് പ്രകാരം നടപടി സ്വീകരിക്കുന്നതിനും സെക്രട്ടറിയോട് ആവശ്യപ്പെട്ട് തീരുമാനിച്ചു .

യോഗം 01.00 മണിക്ക് അവസാനിച്ചു ,അടുത്ത യോഗം 03/08/2024 ന് ചേരുന്നതിനു തീരുമാനിച്ചു

//ശരിപകർപ്പ് //

RATNAKARAN. V.V.
PEN: 475963
ASSISTANT DIRECTOR & INTERNAL VIGILANCE OFFICER
O/o THE JOINT DIRECTOR
LOCAL SELF GOVERNMENT DEPARTMENT
CIVIL STATION, KANNUR - 670002